ഇറയം റിസർച്ച് ജേർണൽ

September - December 2021 Volume V Issue 3

# പെരുമാൾതിരുമൊഴി:

# വിവർത്തനകലയുടെ പൂർണശോഭ

**ഡോ. ഉഷ. പി**

കുലശേഖര ആഴ്‌വാർ തമിഴിൽ രചിച്ച നൂറ്റഞ്ചുപദ്യങ്ങളുള്ള പെരുമാൾതിരുമൊഴി അതിസമ്പന്നമായ നമ്മുടെ പൈതൃകത്തിൽ പിറവിയെടുത്ത അപൂർവസുന്ദരമായ ഒരു കൃതിയാണ്. ഭാരതമൊട്ടാകെയുള്ള വിഷ്ണുഭക്തന്മാരുടെ ആദ്ധ്യാത്മികജീവിതത്തിൽ നൂറ്റാണ്ടുകളായി വലിയ സ്വാധീനം ചെലുത്തിവരുന്ന ഭക്തികാവ്യമാണ് ഇത്. ഭക്തിപ്രസ്ഥാനത്തിന്റെ സാഹിത്യരൂപത്തിലുള്ള ആദ്യത്തെ ആവിഷ്ക്കാരമായി ഈ കൃതിയെ കണക്കാക്കിവരുന്നു. സംഘസാഹിത്യത്തിലെ ഒരു പ്രധാനകൃതിയായ പതിറ്റുപ്പത്തിന്റെ മാതൃകയിലാണ് ഈ കൃതിയും രചിക്കപ്പെട്ടിട്ടുള്ളത്. വൈഷ്ണവസ്തോത്രസാഹിത്യത്തിൽ അതുല്യമായ സ്ഥാനം ഈ ലഘുകാവ്യത്തിനുണ്ട്. വൈഷ്ണവ ആചാര്യനായ നാഥമുനി സമാഹരിച്ച നാലായിരം ദിവ്യപ്രബന്ധത്തിൽ ഏഴാമതായി ചേർത്തിരിക്കുന്നത് പെരുമാൾതിരുമൊഴിയാണ്. പത്ത് തിരുമൊഴികൾ അടങ്ങുന്ന ഈ കൃതി ദക്ഷിണേന്ത്യയിലെ ആദ്യത്തെ രാമായണ ഭക്തികാവ്യമായി വിശേഷിപ്പിക്കപ്പെടുന്നു.

കൊടുങ്ങല്ലൂരിനടുത്തുള്ള തിരുവഞ്ചിക്കുളം തലസ്ഥാനമാക്കി രാജ്യഭരണം നിർവഹിച്ച കുലശേഖര ആഴ്‌വാറിന്റെ സാഹിത്യസംഭാവനകളെ ഗൗരവപൂർണമായി വിലയിരുത്തുന്ന പഠനങ്ങൾ അധികമുണ്ടായിട്ടില്ല. സംസ്കൃതഭാഷയിൽ വിരചിതമായ നാല്പതുപദ്യങ്ങളുള്ള 'മുകുന്ദമാല' എന്ന ലഘു സ്തോത്രകൃതിയും തപതീസംവരണം, സുഭദ്രാഹരണം, വിച്ഛിന്നാഭിഷേകം എന്നീ മൂന്നു നാടകങ്ങളും ആശ്ചര്യമഞ്ജരി എന്ന ഗദ്യകൃതിയും കുലശേഖര ആഴ്‌വാരുടേതാണെന്ന് സാഹിത്യചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇവയിൽ ആശ്ചര്യമഞ്ജരിയും വിച്ഛിന്നാഭിഷേകവും നാളിതുവരെ കണ്ടെടുക്കുവാൻ സാധിച്ചിട്ടില്ല. കാവ്യമണ്ഡലത്തിൽ കുലശേഖര ആഴ്‌വാർ എന്ന പേരിന് സ്ഥിരപ്രതിഷ്ഠ ലഭിച്ചത് പെരുമാൾതിരുമൊഴി എന്ന തമിഴ്ഭക്തികാവ്യം മൂലമാണെന്ന് നിസ്സംശയം പറയാനാവും. "ഭക്തന്മാരുടെയും പണ്ഡിതന്മാരുടെയും മഹാകവികളുടെയും വർഗ്ഗത്തിൽ കുലശേഖരന് ഒരു ഉന്നതമായ സ്ഥാനത്തിന് അവകാശമുണ്ട്."[1] പെരുമാൾ തിരുമൊഴിയുടെ സാഹിതീയവും സാംസ്കാരികവുമായ പ്രാധാന്യവും പ്രസക്തിയും യഥാർഹം തിരിച്ചറിയേണ്ടത് പൈതൃകപഠിതാക്കളാണ്. ഈ ദിശയിലുള്ള സഫലമായശ്രമമാണ് പെരുമാൾതിരുമൊഴിയുടെ മലയാള പരിഭാഷയിലൂടെ പ്രശസ്തവിവർത്തകനും കവിയുമായ പ്രൊഫ.ഉള്ളൂർ എം.പരമേശ്വരൻ നിർവ്വഹിച്ചിട്ടുള്ളത്.

തമിഴ്ഭക്തികാവ്യമായ പെരുമാൾ തിരുമൊഴിക്ക് പ്രൊഫ. ഉള്ളൂർ എം. പരമേശ്വരൻ നിർവഹിച്ച ഭാഷാന്തരീകരണം സർഗാത്മകവിവർത്തനത്തിന്റെ ശ്രേഷ്ഠ മാതൃകയാണ്. "നല്ല വിവർത്തനം പുനഃസൃഷ്ടി മാത്രമല്ല അതിജീവനം കൂടിയാണ്. രണ്ട് ഭാഷകളെ, രണ്ട് സംസ്കാരങ്ങളെ, വ്യത്യസ്തമായ രണ്ട് ദർശനശൃംഖലകളെ തമ്മിൽ ഇണക്കുവാനും പിണക്കുവാനും ഒരു വിവർത്തകമനസ്സിനു കഴിയും."[2] മൂലകൃതിയുടെ സാംസ്കാരിക ഭാവുകത്വത്തെയും ഭാഷാപരമായ സവിശേഷതകളെയും കൃത്യമായി ആവാഹിക്കുന്നതിൽ വിവർത്തകൻ കൈവരിച്ച വിജയം അത്യന്തം പ്രശംസനീയമാണ്. മൂലകൃതിയുടെ പുറപ്പൊരുൾ മുതൽ അകപ്പൊരുൾ വരെ അടുത്തറിഞ്ഞ് അദ്ദേഹം ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആണ്ടാൾ പാടിയ തിരുപ്പാവൈ, ആണ്ടാൾ കൃതികൾ, മാണിക്കവാചകരുടെ തിരുവാചകം, ഭാരതീയാർ കവിതകൾ, സുബ്രഹ്മണ്യഭാരതിയുടെ പാഞ്ചാലീശപഥം, തിരഞ്ഞെടുത്ത തിരുക്കുറൾ സൂക്തങ്ങൾ, അക്കമഹാദേവിയുടെ വചനങ്ങൾ, ഔവ്വയാരുടെ നീതിഗ്രന്ഥങ്ങൾ എന്നീ കൃതികൾ പരിഭാഷപ്പെടുത്തുകയും വിവർത്തനമേഖലയിലെ സംഭാവനകൾക്ക് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം (2013) നേടുകയും ചെയ്ത പ്രൊഫ. ഉള്ളൂർ എം. പരമേശ്വരന്റെ വിവർത്തനശൈലിയുടെ സവിശേഷതകൾ വിവേചിച്ചറിയുവാൻ തികച്ചും പര്യാപ്തമാണ് ഈ പരിഭാഷാകൃതി.

സനാതനപാരമ്പര്യവും ദ്രാവിഡപാരമ്പര്യവും സൂക്ഷ്മമായ അർത്ഥത്തിൽ ഒന്നുതന്നെയാണെന്ന ഉത്തമബോധ്യത്തോടെയാണ് കുലശേഖര ആഴ്വാർ വിവിധ സാഹിതീയ മണ്ഡലങ്ങളിൽ വ്യാപരിച്ചിരുന്നത്. ഈ വസ്തുത കൃത്യമായി ഉൾക്കൊള്ളുവാൻ വിവർത്തകന് സാധിച്ചുവെന്നതാണ് ഈ പരിഭാഷയുടെ മേന്മയെ നിർണയിച്ച പ്രധാനഘടകം. പെരുമാൾ തിരുമൊഴിയുടെ മഹത്വം മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുവാൻ ആവശ്യമായ തമിഴ്ഭാഷാസാഹിത്യപാണ്ഡിത്യം വിവർത്തകനുണ്ടെന്നതാണ് എടുത്തുപറയേണ്ട മറ്റൊരു ഘടകം. പ്രശസ്തകവിയായ ഡോ. പുതുശ്ശേരി രാമചന്ദ്രൻ പെരുമാൾതിരുമൊഴിക്ക് മികവുറ്റ ഒരു മലയാള പരിഭാഷ തയ്യാറാക്കിയിട്ടുണ്ട് (2016). തമിഴ് സാഹിത്യത്തോട് സവിശേഷമായ അടുപ്പം പുലർത്തിയിട്ടുള്ള മലയാളകവികളുടെ നിരയിൽ പ്രമുഖനായ ആറ്റൂർ രവിവർമ്മ, പെരുമാൾതിരുമൊഴിയുടെ ഏതാനും ഭാഗങ്ങൾ മാത്രം ഉൾപ്പെടുത്തി 'ഭക്തികാവ്യം' എന്ന പേരിൽ സാഹിത്യഅക്കാദമി പ്രസിദ്ധീകരണത്തിൽ (2004) വിവർത്തനരൂപത്തിൽ ചേർത്തിട്ടുണ്ട്. വിവർത്തകൻ ഈ വിഷയത്തിൽ മുൻപു നടന്നിട്ടുള്ള പഠനങ്ങൾ സനിഷ്കർഷം പരിശോധിക്കുകയും വന്നുചേർന്ന പിഴവുകളും ന്യൂനതകളും കണ്ടെത്തി തിരുത്തുകയും ചെയ്തുവെന്നത് എടുത്തു പറയേണ്ട കാര്യംതന്നെയാണ്. പരിഭാഷകൻ മുൻവിവർത്തനങ്ങളെ ഇകഴ്ത്തിക്കാട്ടുകയും തന്റെ വിവർത്തനം കുറ്റമറ്റതാണെന്ന് സ്ഥാപിക്കുകയും ചെയ്യുന്ന തെറ്റായരീതി പാടേ വെടിയുകയും മുൻഗാമികളായ വിവർത്തകരോടുള്ള ആദരം തുറന്നു രേഖപ്പെടുത്തുകയും ചെയ്യുന്നുവെന്നത് മാതൃകാപരമാണ്.

പെരുമാൾതിരുമൊഴിക്ക് പ്രൊഫ. ഉള്ളൂർ എം. പരമേശ്വരൻ നൽകിയ മൊഴിമാറ്റത്തിന്റെ മേന്മ ശരിയായി അടയാളപ്പെടുത്തിക്കൊണ്ട് പ്രശസ്ത ഭാഷാപണ്ഡിതനായ ഡോ. കെ.എം. പ്രിയദർശൻലാൽ എഴുതിയ അവതാരിക വളരെ ശ്രദ്ധേയമാണ്. വിവർത്തനകലയിൽ പരിഭാഷകൻ പ്രകടിപ്പിച്ച ഔചിത്യത്തെ എടുത്തുകാട്ടിക്കൊണ്ട് അവതാരികാകാരൻ എഴുതിയ വാക്യങ്ങൾ ഈ പരിഭാഷയുടെ അകത്തളങ്ങളിലേക്ക് നമ്മെ ശരിയായി കൂട്ടിക്കൊണ്ടുപോവുന്നുണ്ട്. "പ്രൊഫ. ഉള്ളൂർ.എം. പരമേശ്വരൻ സ്വതന്ത്രകവിതകൾ കൊണ്ട് ആദ്യം തന്നെ പ്രസിദ്ധനാണ്. പിന്നീടാണ് മൊഴിമാറ്റരംഗത്തേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സംസ്കൃതവൃത്തങ്ങളിലോ ഭാഷാവൃത്തങ്ങളിലോ കല്ലും കരടുമില്ലാത്ത കവിത രചിക്കാൻ കഴിയുന്ന ഇദ്ദേഹം പരിഭാഷയിൽ ആ വഴി

പറയപ്പെടുന്നില്ല. മൂലകൃതിക്ക് പ്രിയതമായ ആലാപനപദ്ധതിയുണ്ട്. അത് മലയാളികൾക്ക് അങ്ങനെ തന്നെ പരിചയപ്പെടുത്തിത്തരുവാനുള്ള ഉദാരതയാണ് അദ്ദേഹം താളബോധത്തിന്റെ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. അതിനുമപ്പുറം തലക്കെട്ടുകളിൽപോലും ഔചിത്യബോധം പ്രകടിപ്പിക്കുന്നു. ഒരുദാഹരണം : മുതൽ തിരുമൊഴി ഇരുളിരിയ (ശ്രീരംഗപെരുമാനൈക്കണ്ടു മകിഴ വിരുമ്പുതൽ) എന്നത് ഒന്നാം തിരുമൊഴി. ഇരുളകറ്റി തിളങ്ങും മണികൾ (രംഗനാഥനെക്കണ്ട് ആനന്ദിക്കാൻ ആശിക്കുന്നത്) എന്ന കാവ്യാരംഭത്തിന്റെ ഹൃദ്യത അനുഭവവേദ്യമാണ്. ഇങ്ങനെ മൂലകൃതിയുടെ പുറപ്പൊരുൾ മുതൽ അകപ്പൊരുൾ വരെ ഔചിത്യത്തിന്റെ പൂർണത ഈ പരിഭാഷയിലുണ്ട്."3

പെരുമാൾതിരുമൊഴിയിൽ അടങ്ങിയിട്ടുള്ള സംസ്കാരസംബന്ധിയായ സൂചനകൾ മലയാളത്തിന്റെ ഭാഷാക്രമത്തിലേക്ക് ഭംഗിയായി വിന്യസിപ്പിക്കുന്നതിൽ അവധാനതാപൂർണമായ നിലപാടാണ് പ്രൊഫ.ഉള്ളൂർ എം. പരമേശ്വരൻ കൈക്കൊണ്ടിട്ടുള്ളത്. മൂലകൃതിയിലെ സംഗീതാത്മകത, താളം, പ്രാസബന്ധിതമായ ശൈലി, സംക്ഷിപ്തത ഇവയൊന്നും ഈ വിവർത്തനത്തിൽ കൈമോശം വന്നുപോയിട്ടില്ല. മൂലകൃതിയുടെ ഭാഗവും അതിനു നൽകിയ പരിഭാഷയും മനസ്സിരുത്തി വായിക്കുമ്പോഴാണ് ഈ വസ്തുത വ്യക്തമാവുന്നത്. ഇതിന് സഹായകരമാവുന്ന ചില കാവ്യഭാഗങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

**മൂലം:**

വാനാളും മാമതിപോൽ വെൺകുടൈക്കീഴ്മന്നവർതം

കോനാകിവീറ്റിരുന്ത് കൊണ്ടാടും ചെൽവറിയേൻ

തേനാർ പൂഞ്ചോലൈത്തിരു വേങ്കടമാമലൈ മേൽ

കാനാറായ്പ്പായും കരുത്തുടൈയേൻ ആവേനേ (67)

**പരിഭാഷ:**

വാനൊളും മഴമതിപോൽ വെൺകൊറ്റക്കുടക്കീഴ്

രാജാധിരാജനായിരിക്കും പുകളും ധനവും വേണ്ട

തേനൊലിപ്പൂഞ്ചോലയാർന്ന തിരുവേങ്കടത്തിൽ

കാട്ടാറായൊഴുകാനാശയുള്ളോനാണു ഞാൻ!

തമിഴിന്റെ ചൊൽവടിവും ഭാഷാവിന്യാസരീതിയും മലയാളത്തിന്റെ ചൊൽവടിവും ഭാഷാവിന്യാസരീതിയും തമ്മിലുള്ള ആന്തരികവും ബാഹ്യവുമായ വ്യത്യാസം ആഴത്തിലറിഞ്ഞ ഒരാൾക്കേ ഇത്ര സുന്ദരമായ ഒരു മൊഴിമാറ്റം നിർവഹിക്കാനാവൂ. മിതമായവാക്കുകളിലൂടെ മൂലകൃതിയുടെ ഉള്ളുര ലക്ഷ്യഭാഷയിലേയ്ക്ക് ആവാഹിക്കുന്നതിലും വിവർത്തകൻ വിജയിച്ചിട്ടുണ്ട്. മൂലകൃതിയുടെ ഗാനനിബദ്ധമായ സ്വരഘടനയെ ഭാവസൗന്ദര്യം ഒട്ടും ചോരാതെ

മലയാളമൊഴിവഴക്കങ്ങളിലേക്ക് പ്രസരിപ്പിക്കുന്നതിൽ പരിഭാഷകൻ കാട്ടിയ പാടവത്തിന് ഉദാഹരണമായി ചൂണ്ടിക്കാട്ടാവുന്ന ഒട്ടേറെ കാവ്യഭാഗങ്ങളുണ്ട്. അവയിലൊന്നു മാത്രം ഇവിടെ എടുത്തുകാട്ടുന്നു.

**മൂലം:**

ആലിനിലൈ ബാലകനായന്റുലകം ഉണ്ടവനേ!

വാലിയെക്കൊന്റരചിളൈയ       വാനരത്തുക്കളിത്തവനേ!

കാലിൽ മണികരൈയലൈക്കും കണപുരത്തെൻ കരുമണിയേ

ആലിനകർക്കതിപതിയേ, അയോത്തിമാനേ താലേലോ. (87)

**പരിഭാഷ:**

ആലിലയിൽ പൈതലായി അന്നുലകമുണ്ടവനേ!

ബാലിയെ വധിച്ച രാജ്യം ഇളയവനേകിയോനേ!

നീരൊഴുക്കിൽ രത്നങ്ങൾ കരയിൽ തിരതല്ലുന്ന

ആലിനഗരിന്നധിപതിയേ അയോദ്ധ്യാപതേ, താലേലോ!

ഇതിഹാസത്തിന്റെ പവിത്രപാരമ്പര്യവും തമിഴിന്റെ മാധുര്യവും ഒത്തുചേർന്ന പെരുമാൾതിരുമൊഴിയെ മലയാണ്മയുടെ ലാളിത്യനിർഭരമായ കാവ്യഭാഷയിലേക്ക് വിവർത്തനം ചെയ്യുമ്പോൾ സഹജമായ കവിത്വസിദ്ധി പരിഭാഷകന് കൂടുതൽ കരുത്തുപകരുന്നുണ്ട്. പുതുശ്ശേരി രാമചന്ദ്രന്റെ വിവർത്തനവും പ്രൊഫ. ഉള്ളൂർ എം. പരമേശ്വരന്റെ വിവർത്തനവും താരതമ്യദൃഷ്ട്യാ വിലയിരുത്തിയാൽ ഈ കൃതി കുറേക്കൂടി ലളിതമാണ് എന്നു കാണാൻ കഴിയും. തമിഴ് സ്വാധീനതയേറിയ ഭാഷയിലാണ് പുതുശ്ശേരി രാമചന്ദ്രന്റെ മൊഴിമാറ്റം. എന്നാൽ തനി മലയാളത്തിലാണ് ഉള്ളൂർ എം. പരമേശ്വരന്റെ പരിഭാഷ. ഒരേ ഭാഗം ഇരുവരും മൊഴിമാറ്റം ചെയ്തതിന്റെ താരതമ്യം ഇവിടെ പ്രസക്തമാവുന്നുണ്ട്.

**പുതുശ്ശേരി രാമചന്ദ്രന്റെ മൊഴിമാറ്റം**[4]

'പൊൻപവിഴക്കൊടിയുമായ് പാൽക്കടലിൽ പള്ളികൊള്ളും

എമ്പെരുമാൻ തൻകുഴലിൽ വണങ്ങുന്നവനായ്

പൺപകരും വണ്ടിനങ്ങൾ ഇശപാടും വേങ്കടത്ത്

ചെമ്പകമായ പൂത്തുനിൽക്കാൻ കഴിഞ്ഞുവെങ്കിൽ(44)

**ഉള്ളൂർ എം. പരമേശ്വരന്റെ പരിഭാഷ:**

തിളങ്ങും പവിഴങ്ങളാർന്ന ആ പാൽക്കടൽ തന്നിൽ

പള്ളികൊള്ളും മായോന്റെ കാലിണ കാണാൻ

വണ്ടിൻ നിര പാട്ടുപാടും വെങ്കടാദ്രിയിൽ

ചെമ്പകമരമായ് നിൽക്കും ഭാഗ്യമാർന്നിടണേ (44)

ആസ്വാദകർക്ക് അത്യന്തലളിതമായി 'പെരുമാൾ തിരുമൊഴി'യുടെ സൗന്ദര്യം ആഴത്തിലറിയുവാൻ ലളിതസുന്ദരമായ ഈ വിവർത്തനം സഹായകമാകും. ഉഭയകവീശ്വരനായ കുലശേഖര ആഴ്വാറിന്റെ കവിത്വസിദ്ധിയും പുരാണപരിചയവും പ്രകൃതിവർണ്ണനാപാടവവും കേരളീയർക്കു മുന്നിൽ ശരിയായി അനാവരണംചെയ്യുക എന്ന മഹത്തായ കർമ്മമാണ് ഈ പരിഭാഷയിലൂടെ മഹാകവി ഉള്ളൂരിന്റെ പൗത്രൻകൂടിയായ പ്രൊഫ. ഉള്ളൂർ എം. പരമേശ്വരൻ നിർവ്വഹിച്ചിട്ടുള്ളത്. ആഴ്വാന്മാരുടെയും വൈഷ്ണവമതത്തിന്റെയും വ്യാപനം ദക്ഷിണഭാരതത്തിന്റെ സാഹിത്യമേഖലയിൽ ചെലുത്തിയ ഭാവാത്മകസ്വാധീനതയ്ക്ക് ഉത്തമനിദർശനമായ കൃതിയാണ് പെരുമാൾ തിരുമൊഴി. ഇത് ഈ കൃതിയുടെ പരിഭാഷയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. കുലശേഖര ആഴ്വാരുടെ ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന വൈഷ്ണവമായ ആത്മീയതയുടെ പ്രസാദാത്മകഭാവം പരിഭാഷയിൽ ചോർന്നുപോകാതിരിക്കുവാൻ വിവർത്തകൻ ശ്രദ്ധിച്ചിട്ടുണ്ട്. ഈ വരികൾ ഇതിനു തെളിവാണ്.

ദേവരേയും അരചരേയും ദിശകളേയും പടച്ചവനേ

തിരുവരങ്ങിൽ ശയിപ്പവനേ! കാവേരി നദി പായും

കണ്ണപുരത്തിൻ കണ്മണിയേ! ലക്ഷ്യത്തിൽ അമ്പെയ്യും

രാഘവനേ താലേലോ! (810)

പെരുമാൾ തിരുമൊഴിയിലെ നൂറ്റിയഞ്ചു പദ്യങ്ങളിലും വൈഷ്ണവഭക്തിയുടെ ചൈതന്യം നിറഞ്ഞുനില്ക്കുന്നുണ്ട്. ശ്രീരംഗനാഥന്റെയും തിരുമിറ്റക്കോട്ടിലയ്യന്റെയും സ്തുതിഗീതങ്ങൾ അതീവഹൃദ്യമായി ആസ്വാദകർക്കു അനുഭവവേദ്യമാകുന്നുണ്ട്. ഭക്തിയുടെ ഉദാത്തവും അനിർവചനീയവുമായ തലത്തിലേക്ക് കാവ്യാസ്വാദകരെ ഒരു പരിഭാഷയിലൂടെ നയിക്കുകയെന്നത് ക്ഷിപ്രസാദ്ധ്യമല്ല. ഈ പരിതോവസ്ഥയിലാണ് ഈ വിർത്തനപരിശ്രമത്തിനു മഹത്ത്വമേറുന്നത്. പരമസാത്വികനും വിഷ്ണുഭക്തനും സർവ്വോപരി കവിശ്രേഷ്ഠനുമായ കുലശേഖര ആഴ്വാർ കേരളീയ കവിപരമ്പരയിലെ തിളക്കമാർന്ന വ്യക്തിത്വമാണ്. ആരാധനാപരമായ സ്തവങ്ങൾ

[illegible] [illegible] ഈ വരകവിയെ കേരളീയരായ ആസ്വാദകരുടെ നിത്യശ്രദ്ധയ്ക്ക് പാത്രമാക്കുവാനുള്ള ശ്രമമായിട്ടാണ് ഈ പരിഭാഷാകർമ്മത്തെ വിലയിരുത്തേണ്ടത്. അഹേതുകവും പരമപവിത്രവുമായ ഈശ്വരഭക്തിയാണ് കുലശേഖര ആഴ്വാരുടെ കവിതകളുടെ മുഖമുദ്ര. സ്തോത്രകാവ്യപാരമ്പര്യത്തിൽ ഈ കൃതിക്കുള്ള പ്രാധാന്യം ഇനിയും നിർണ്ണയിക്കപ്പെട്ടിട്ടില്ല.

പാണ്ഡ്യരെ കീഴ്പ്പെടുത്തിയതുവഴി 'മധുരൈ കാവലൻ' എന്ന വിശേഷണവും ചോളരെ പരാജയപ്പെടുത്തിയതുവഴി 'ഉറൈയൂർ കാവലൻ' എന്ന വിശേഷണവും കരസ്ഥമാക്കിയ കുലശേഖര ആഴ്വാർ ആര്യദ്രാവിഡസംസ്കാരസമന്വയത്തിന്റെ കരുത്തുറ്റ വക്താവും പ്രയോക്താവുമായിരുന്നു. കേരളീയപാരമ്പര്യത്തിന്റെ ഈടുവയ്പ്പുകളിൽ പ്രധാനപ്പെട്ട ഒരു കൃതിയാണ് പെരുമാൾ തിരുമൊഴി. "ആഴ്വാർമാരുടെ ഗാനങ്ങളിൽ സംഘം പാരമ്പര്യത്തിന്റെ പുനർജന്മമാണ് നാം കാണുന്നത്"[5]. സംഘസാഹിത്യത്തിന്റെ സ്വാധീനത പ്രകടമാക്കുന്ന ഈ കൃതി സനാതനധർമ്മത്തിന്റെ ഈശ്വരസങ്കല്പത്തെ തെളിമയോടെ തമിഴിൽ പ്രകാശിപ്പിച്ച ക്ലാസ്സിക് ഗ്രന്ഥമാണ്. ഗാഹിത്യഗവേഷകർ ഈ കൃതിക്കു നൽകിയ പ്രാധാന്യം തുലോം കുറവാണ്. ആഴ്വാർ കവികളുടെ രചനാസമ്പ്രദായം പിൽക്കാലമലയാളകവിതയെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ലീലാതിലകം, ഹരിനാമകീർത്തനം തുടങ്ങിയ കൃതികളിൽ ഈ സ്വാധീനത പ്രകടമാണ്. ഇത്രമാത്രം വിശിഷ്ടമായ ഒരു കൃതിയുടെ പരിഭാഷയാണ് പ്രൊഫ. ഉള്ളൂർ എം പരമേശ്വരൻ മലയാളത്തിനു സമ്മാനിച്ചിട്ടുള്ളത് എന്ന കാര്യത്തിൽ നമ്മൾ അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു.

**അടിക്കുറിപ്പുകൾ**

1. വടക്കുംകൂർ രാജരാജവർമ്മരാജാ, കേരളീയ സംസ്കൃതസാഹിത്യചരിത്രം, ഭാ.1, (ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, 1997), പു.115

2. തിരുവള്ളുവർ, തിരുക്കുറൾ. വിവ., എസ്. രമേശൻനായർ (ഡി.സി ബുക്സ്, കോട്ടയം, 1998), പു.12

3. കുലശേഖര ആഴ്വാർ, പെരുമാൾതിരുമൊഴി. ഡോ. കെ.എം. പ്രിയദർശൻലാലിന്റെ അവതാരിക. വിവ., ഉള്ളൂർ എം. പരമേശ്വരൻ (കുരുക്ഷേത്ര പ്രകാശൻ, കൊച്ചിൻ, 2021), പു.19

4. കുലശേഖര ആഴ്വാരുടെ പെരുമാൾതിരുമൊഴി, വിവ., പുതുശ്ശേരി രാമചന്ദ്രൻ (സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 2016), പു.45

5. ഡോ. കെ.എം. ജോർജ്ജ്. (പ്രസാ.) ഭാരതീയ സാഹിത്യചരിത്രം, വാ.2.1, (കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ, 1983), പു.403

## സഹായകഗ്രന്ഥങ്ങൾ


1. അച്യുതവാര്യർ, എസ്. കേരള സംസ്കാരം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2016.
2. കുലശേഖര ആഴ്വാർ. പെരുമാൾ തിരുമൊഴി. വിവ., ഉള്ളൂർ എം. പരമേശ്വരൻ. കൊച്ചി: കുരുക്ഷേത്ര പ്രകാശൻ, 2021.
3. കുലശേഖര ആഴ്വാർ, പെരുമാൾ തിരുമൊഴി. വിവ., കുലശേഖര ആൾവാരുടെ പെരുമാൾ തിരുമൊഴി, പുതുശ്ശേരി രാമചന്ദ്രൻ. കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം, 2016.
4. കൃഷ്ണപിള്ള. എൻ. കൈരളിയുടെ കഥ. കോട്ടയം: ഡി.സി ബുക്സ്, 2016.
5. ജോർജ്ജ്, കെ.എം. (പ്രസാ.), ഭാരതീയ സാഹിത്യചരിത്രം. വാ.2. തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 1983.
6. തിരുവള്ളുവർ. തിരുക്കുറൾ. വിവ., എസ്. രമേശൻ നായർ. കോട്ടയം: ഡി.സി ബുക്സ്, 1998.
7. രാജരാജവർമ്മരാജാ, വടക്കുംകൂർ. കേരളീയ സംസ്കൃത സാഹിത്യചരിത്രം. ഭാ.1. കാലടി: ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, 1997.